**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **162**

26.02.2018 ൽ

മറുപടിയ്ക്ക്

## ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് ചുറ്റുമുള്ള ഗാലറിയോടനുബന്ധിച്ചുള്ള മുറികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് ചുറ്റുമുള്ള ഗ്യാലറിയോടനുബന്ധിച്ച് എത്ര മുറികൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത മുറികളിൽ എത്ര എണ്ണം ഉപയോഗിച്ച് വരുന്നു; അവ ഉപയോഗിക്കുന്നതാരൊക്കെയാണ്; എല്ലാമുറികളും വാടക ഇനത്തിലാണോ നൽകിയിട്ടുള്ളത്; വാടകയിനത്തി- ലാണെങ്കിൽ എത്ര കാലത്തേക്കാണ് നൽകിയിട്ടുള്ളത്; ഇതിൽ ഓരോ റൂമിനാണോ അല്ലെങ്കിൽ സ്ക്വയർഫീറ്റിനാണോ വാടക നിശ്ചയിക്കുന്നത്; പ്രതിമാസം ആകെ എത്ര തുക ഈ സ്പേസ് അലോട്ട്മെന്റിൽ നിന്ന് ലഭിക്കും എന്നിവ വ്യക്തമാക്കാമോ? | (എ) യും (ബി) യും | 33 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. അവയിൽ 32 എണ്ണം ഉപയോഗിച്ചു വരുന്നു.<br>*എസ്.ബി.ഐ,<br>*ഫെഡറൽ ബാങ്ക്,<br>*ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി,<br>*ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്,<br>* സ്പോർട്സ് ഹബ്ബ്,<br>*കെ.പി.എച്ച്.സി. സി.<br>*കെ.എസ് .ഐ. റ്റി.എൽ,<br>*നീറ്റോ ടെക്നോളജി,<br>*ജെ.സി. അഡ്വർടൈസേഴ്സ്,<br>*സൗത്ത് ഇന്ത്യൻ ബാങ്ക് എ.റ്റി.എം തുടങ്ങിയ സ്ഥാപനങ്ങൾക്ക് മാസ വാടക ഇനത്തിൽ മുറികൾ നൽകിയിട്ടുണ്ട്.<br>ബാക്കിയുള്ളവയിൽ<br>*കേരള ശ്രീ ജിംനേഷ്യം,<br>*കാക്കി റെസ്റ്റോറന്റ്,<br>*ഭാഗ്യമാല ആഡിറ്റോറിയം,<br>*അർജ്ജുന ഫോയർ ഡൈനിംഗ് ഹാൾ<br>*ഒളിമ്പിയ ചേമ്പേഴ്സ്,<br>*എ.സി.ആഡിറ്റോറിയം,<br>*മെംബേഴ്സ് ലോഞ്ച് എ.സി. ഡൈനിംഗ് ഹാൾ,<br>*യോഗാ ഹാൾ,<br>*പോലീസ് ഡോർമിറ്ററി അഞ്ച് സ്യൂട്ട് റൂമുകൾ,<br>*സ്റ്റേഡിയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് |

*അഡ്മിനിസ്ട്രേറ്റീവ് മാനേജരുടെ ഓഫീസ് എന്നിവ പ്രവർത്തിച്ചു വരുന്നു.

ഇതിൽ മറ്റ് സ്ഥാപനങ്ങൾക്ക് വാടക നിശ്ചയിച്ചിരിക്കുന്നത് സ്ക്വയർ ഫീറ്റ് നിരക്കിലും, ഹാളുകൾ, സ്യൂട്ട് റൂമുകൾ, ഡോർമിറ്ററി എന്നിവ ദിവസ വാടകയിനത്തിലുമാണ് നൽകി വരുന്നത്.

പ്രതിമാസം വാടകയിനത്തിൽ ആകെ 7,87,633/- രൂപ ലഭിക്കുന്നുണ്ട്. മറ്റുള്ളവയ്ക്ക് സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി നിശ്ചയിച്ചിട്ടുള്ള ദിവസ വാടക നിരക്കായതിനാൽ ഉപയോഗത്തിനനുസരിച്ച് ഓരോ മാസവും പ്രസ്തുത വാടകയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ വ്യത്യാസമുണ്ടാകാറുണ്ട്.

(സി) പോലീസ് വിഭാഗത്തിലുള്ളവർക്കോ അവരുടെ ബന്ധുക്കൾക്കോ സ്പേസ് നൽകുന്ന ഇനത്തിൽ വാടക ഒഴിവാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുണ്ടോയെന്നും, അങ്ങനെ ചെയ്യാറുണ്ടെങ്കിൽ അത്തരത്തിൽ എത്ര അളവിലേയ്ക്കോ റൂമിലേക്കോ ആണെന്നും വിശദമാക്കാമോ;

(സി) പോലീസ് വിഭാഗത്തിലുള്ളവർക്ക് സ്ഥിരമായി ഓഫീസ് സ്പേസ് അനുവദിച്ചുനൽകിയിട്ടില്ല. എന്നാൽ കല്യാണ ആവശ്യത്തിനുള്ള ഹാളുകൾ പോലീസുകാർക്കും അവരുടെ മക്കൾക്കും അനുവദിച്ച് നൽകുമ്പോൾ ഗവേർണിംഗ് ബോഡി തീരുമാനമെടുത്തിട്ടുള്ള ഇളവ് നൽകാറുണ്ട്.

(ഡി) ഇതിൽ വാടക ഒഴിവാക്കുവാനോ, വാടക കുറച്ച് ഉപഭോക്താവിന് നൽകുന്നതിനോ ആർക്കാണ് നിലവിൽ അധികാരമുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നനാൾ മുതൽ പ്രസ്തുത അധികാരമുപയോഗിച്ച് എത്ര പേർക്ക് ഈ ഇളവ് അനുവദിച്ച് നൽകിയെന്നും, ആയത് അവരുടെ പേര് സഹിതം വിശദമാക്കാമോ;

(ഡി) സംസ്ഥാന പോലീസ് മേധാവി പ്രസിഡന്റായിട്ടുള്ള കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി കമ്മിറ്റിക്കാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത അധികാരം ഉപയോഗിച്ച് ആർക്കും തന്നെ ഇളവുകൾ അനുവദിച്ചിട്ടില്ല.

(ഇ) പ്രസ്തുത ഇടത്തിൽ ആർക്കെങ്കിലും സൗജന്യമായി സ്പേസ് അനുവദിച്ചിട്ടുണ്ടോ: എങ്കിൽ അത് ആർക്കൊക്കെയാണെന്നും അതിന് ആധാരമാക്കിയ മാനദണ്ഡമെന്തെന്നും വെളിപ്പെടുത്താമോ:

(ഇ) പ്രസ്തുത ഇടത്തിൽ ആർക്കും തന്നെ സൗജന്യമായി സ്പേസ് അനുവദിച്ച് നൽകിയിട്ടില്ല.

| | | | |
|---|---|---|---|
| (എഫ്) | ഏതെങ്കിലും വകുപ്പിനോ മറ്റ് അധികാരസ്ഥാനത്തുള്ളവർക്കോ ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ ചുവട് പിടിച്ച് ഈ ഇളവ് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചാൽ പരിഗണിക്കുമോ എന്നറിയിക്കാമോ? | (എഫ്) | ലഭിക്കുന്ന അപേക്ഷകൾ ഗവേർണിംഗ് ബോഡി കമ്മിറ്റി പരിഗണിച്ച്, ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ